**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4649** **29-10-2021 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഗുണമേന്മയുള്ള കുടിവെള്ളം ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. നജീബ് കാന്തപുരം | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഇരുപത്തിനാല് മണിക്കൂറും ഗുണമേന്മയുള്ള കുടിവെള്ളം എത്തിക്കുവാൻ കഴിയുന്നുണ്ടോ; | (എ) | നിലവിൽ സംസ്ഥാനത്ത് എല്ലാവർക്കും 24 മണിക്കൂറും കുടിവെള്ളം എത്തിക്കുവാൻ കഴിയുന്നില്ല. |
| (ബി) | ഇല്ലെങ്കിൽ ഇത് എപ്പോൾ സാധ്യമാകുമെന്നും ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നും അറിയിക്കാമോ; വിശദമാക്കുമോ? | (ബി) | എല്ലായ്പ്പോഴും ഗുണനിലവാരമുള്ള കുടിവെള്ളം എത്തിക്കുന്നതിന്റെ ആദ്യപടിയായി ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ജല ജീവൻ മിഷൻ വഴി ലക്ഷ്യമിടുന്നു. ഇതിനോടൊപ്പം അംഗനവാടികൾ, സ്കൂളുകൾ, ഗവ. സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് കൂടി കുടിവെള്ള കണക്ഷൻ നൽകി വരുന്നുണ്ട്. 2024 ഓടു കൂടി ഗ്രാമീണ മേഖലയിലെ ജലജീവൻ മിഷൻ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതോടൊപ്പം തന്നെ നഗരമേഖലയിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി അർബൻ ജലജീവൻ മിഷൻ വിഭാവനം ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു. തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24*7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാനായി ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് (എ.ഡി.ബി) സഹായത്തോടെയുള്ള പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യാൻ ആവശ്യമായ ജലം കണക്കാക്കി നിലവിലുള്ള ശുദ്ധീകരണശാലകളെയും വിതരണ മേഖലയെയും വിപുലീകരിക്കുന്ന പ്രവർത്തി വഴി കൂടുതൽ ജനങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ , അമൃത് , നബാർഡ് , കിഫ്ബി , ആസ്തി വികസന ഫണ്ട്, ഡെപ്പോസിറ്റ് പ്രവർത്തികൾ എന്നിവയിൽ ഉൾപ്പെടുത്തി പുതിയ കുടിവെള്ള പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഘട്ടം ഘട്ടമായി ടി പ്രവർത്തികൾ |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചശേഷം മാത്രമേ 24 മണിക്കൂറും ജല വിതരണം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ